# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.ക്ലാർക്ക് തസ്തിക**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2911** — **06.11.2019-ൽ മറുപടിയ്ക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| **(എ)** ബിവറേജസ് കോർപ്പറേഷനിൽ ആകെ എൽ.ഡി.ക്ലാർക്ക് തസ്തിക എത്രയുണ്ടെന്നും ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കുമോ; | **(എ)** ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ ആകെ എണ്ണം 279 ആണ്. ആയതിൽ 252 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. |
| **(ബി)** ഇതിൽ എത്ര തസ്തികകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇനിയും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനായി ഒഴിവുകളുണ്ടോ എന്നും അവ എത്രയെന്നും വ്യക്തമാക്കുമോ; | **(ബി)** ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **(സി)** ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ ഏതെങ്കിലും തരത്തിൽ നികത്തിയിട്ടുണ്ടോ എന്നും എങ്കിൽ അങ്ങനെ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഏതടിസ്ഥാനത്തിലെന്നും വ്യക്തമാക്കുമോ ; | **(സി)** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എൽ.ഡി.സി തസ്തികയിൽ താത്കാലികാടിസ്ഥനത്തിൽ 140 പേർ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട്. |
| **(ഡി)** ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ആ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ;<br><br>**(ഇ)** നിലവിൽ ബിവറേജസ് കോർപ്പറേഷനിൽ ഒഴിവുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | **(ഡി) യും (ഇ) യും** ബിവറേജസ് കോർപ്പറേഷൻ എൽ.ഡി.സി.റാങ്ക് പട്ടിക നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും പി.എസ്.സി. നിയമന ശുപാർശ ആരംഭിച്ചിട്ടില്ല. പി.എസ്.സി നിയമന ശുപാർശ നൽകുന്ന മുറയ്ക്ക് കെ.എസ്.ബി.സി നിയമന ഉത്തരവ് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**